# കർത്താവിന്നായി വഴി ഒരുക്കുക

## മത്തായി 3:3

"മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കാവിതു: കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ."

യേശുകർത്താവ് പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് യോഹന്നാൻസ്നാപകന് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ഒരു നിയോഗം അഥവാ ശുശ്രൂഷ ഉണ്ടായിരുന്നു. അത് എന്തായിരുന്നു എന്ന് ഈ വചനഭാഗം നമുക്ക് വ്യക്തമാക്കി തരുന്നു. "കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ." തനിക്കു പിന്നാലെ കടന്നുവരുന്ന കർത്താവിങ്കലേക്ക്, ജനത്തിന്റെ ഹൃദയത്തെ തിരിക്കുക എന്നതായിരുന്നു അവന്റെ കർത്തവ്യം. പാപബോധം ഉളവാക്കി, മനുഷ്യഹൃദയങ്ങളെ ദൈവത്തിനായി, കർത്താവിന്റെ പാപമോചനത്തിനായി ഒരുക്കുക. കാരണം യോഹന്നാൻ തന്റെ ജീവിതംകൊണ്ട് ഏറ്റെടുത്ത അഥവാ അറിഞ്ഞ സത്യം ലോകത്തോട് വിളിച്ചു പറയാതിരിക്കാൻ സാധിക്കില്ലായിരുന്നു. അതെ "ജനത്തെ പാപങ്ങളിൽനിന്നു രക്ഷിപ്പാൻ യേശുകർത്താവിനെ സാധിക്കൂ." (മത്തായി 1:21) എന്ന വലിയ സത്യം.

ഏതു കാര്യത്തിലായാലും ഒരു **preparation** അഥവാ 'ഒരുക്കം' എന്നതിന്റെ പിന്നിൽ ഒരു കഠിനാധ്വാനം ഉണ്ട് എന്ന് നമുക്കറിയാം. എന്നാൽ ഈ അദ്ധ്യായത്തിനുശേഷം ലഭിക്കുന്ന ഒരു വിജയം അഥവാ തൃപ്തി ഏറെ മാധുര്യമുള്ളതും ആകുന്നു. അതെ, സുഗമമായ ഒരു യാത്രയ്ക്ക് നമ്മുടെ മുന്നിൽ ദുർഘടങ്ങൾ ഒന്നും ഇല്ലെന്നുള്ള ഉറപ്പ്, ഡ്രൈവ് ചെയ്യുന്നവന്റെ, യാത്ര ചെയ്യുന്നവന്റെ, ആത്മവിശ്വാസം വർദ്ധിപ്പിക്കും. പ്രിയരേ, ആത്മീക ജീവിതത്തിലും ഉൾക്കൊള്ളാനുള്ള ഒരു വലിയ പാഠം തന്നെയാണ് യോഹന്നാനാൽ നമുക്കും ലഭിച്ചത്. കർത്താവിനു കടന്നു വരാനുള്ള വഴി നേരെ ആക്കാനാണ് യഹൂദാ ജനത്തോട് അവൻ വിളിച്ചു പറഞ്ഞത്. മറുതലിച്ചു നിന്നവരെ "സർപ്പസന്തതികളെ" എന്ന് വിളിച്ചു കർക്കശമായി ശാസിച്ചു. അതേ, വഴി ചൊവ്വല്ലെങ്കിൽ ലക്ഷ്യവും ശരിയാകില്ല.

കർത്താവിനായി ഹൃദയങ്ങളെ ഒരുക്കികൊടുത്തു, നാം അവന്റെ രക്ഷ സ്വീകരിച്ചവരായിരിക്കാം. എന്നാൽ ദിനംതോറുമുള്ള ജീവിതത്തിന്റെ യാത്ര അഥവാ ഓട്ടം എന്റെ യേശുവിനോടൊപ്പം തന്നെയാണോ? എന്റെ ചിന്തകളുടെ വഴി, തീരുമാനങ്ങളുടെ വഴി, ഉത്തരവാദിത്തങ്ങളുടെ വഴി, പ്രവൃത്തിമണ്ഡലങ്ങളുടെ പാത, ബന്ധങ്ങളുടെ വഴി അങ്ങനെ എല്ലാം അവനായി ഒരുക്കുവാൻ, നേരെ ആക്കുവാൻ എത്രത്തോളം ജാഗരൂകരാകുന്നുണ്ട് എന്ന ചിന്ത യോഹന്നാൻ നമുക്ക് തരുന്നു.

കർത്താവിന്റെ പരസ്യശുശ്രൂഷയ്ക്കായി അവന്റെ ശരീരംകൊണ്ടുള്ള വരവ് അന്ന് യോഹന്നാൻ വിളിച്ചു പറഞ്ഞു. എന്നാൽ ഈ കാലത്തിൽ, കൃപായുഗത്തിൽ നാം യേശു കർത്താവിന്റെ രണ്ടാം വരവിനായി നോക്കി കാത്തിരിക്കുന്നവരാകുന്നു. നമുക്ക് ഒരുക്കാം. കർത്താവിനായി തന്നെ വഴി ഒരുക്കി നമ്മുടെ ഹൃദയത്തിൽ എല്ലാ പാതകളും നിരപ്പാക്കി തരുവാൻ പ്രാർത്ഥിക്കാം. എല്ലാ കുഴികളും, ഗർത്തങ്ങളും ആത്മാവിനാൽ നിറഞ്ഞ് സമഭൂമി യാകട്ടെ.

ദൈവികശക്തിയോടും വിശ്വാസത്തോടും നീങ്ങുമ്പോൾ നമ്മുടെ വഴികളും പാതകളും അവൻ കാണിച്ചുതരും. മുമ്പോട്ടു നോക്കിയാൽ ചില സന്ദർഭങ്ങളിൽ ഒന്നും കാണില്ല. വിശ്വാസത്താൽ കാലുകളെ എടുത്തു വയ്ക്കാം. ദൈവവഴിയിലൂടെ ദൈവഹിതം നിറവേറ്റ പ്പെടുവാൻ മാത്രം ഏല്പിച്ചു കൊടുക്കാം. കർത്താവിനു കടന്നുവന്ന് നമ്മെ നിത്യമായി ചേർക്കുവാൻ ഉള്ള ജീവിതത്തിന്റെ എല്ലാ ബലഹീനതകളും, ദുർഘടങ്ങളും, തടസ്സങ്ങളും ഏറ്റുപറയാം. പ്രാർത്ഥിക്കാം.

**പരാമർശം:**

മലാഖി 3:1

എനിക്കു മുമ്പായി വഴി നിരത്തേണ്ടതിന്നു ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും; ഇതാ, അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 138**